(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആറ് ഹെൽത്ത് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒരു ആയുർവേദ ഡിസ്പെൻസറിയും ഒരു സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. അഗസ്ത്യവനപ്രദേശത്തുള്ള പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിന് നടപ്പു വർഷം ആരോഗ്യ ക്യാംപു സംഘടിപ്പിക്കുകയുണ്ടായി. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഹെൽത്ത് കാർഡ് വിതരണം ചെയ്തിട്ടുണ്ട്.

(ഇ) ഭക്ഷണ ദൗർലഭ്യം പരിഹരിക്കുന്നതിന് ഫുഡ് സപ്പോർട്ട് പ്രോഗ്രാം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പ്രത്യേക കേന്ദ്രസഹായത്തോടെ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു.

ആദിവാസികൾക്ക് പാർപ്പിടം

15(218) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പാർപ്പിടമില്ലാത്ത മുഴുവൻ ആദിവാസി ജനവിഭാഗങ്ങൾക്കും സർക്കാർ ധനസഹായത്തോടെ പാർപ്പിടം നൽകാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര പാർപ്പിടങ്ങൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട് ;

(സി) ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ഡി) ഇങ്ങനെ നൽകിയ വീടുകളെല്ലാം പണി പൂർത്തീകരിച്ച് താമസയോഗ്യമാക്കിയിട്ടുണ്ടോ ;

(ഇ) പൂർത്തീകരിക്കപ്പെടാതെ ഭാഗികമായി ശേഷിക്കുന്ന നിരവധി വീടുകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇങ്ങനെ പൂർത്തീകരിക്കപ്പെടാത്ത എത്ര വീടുകളാണ് ഉള്ളത് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) എല്ലാവർക്കും പാർപ്പിടം നൽകാൻ കഴിഞ്ഞിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ഈ വകുപ്പ് മുഖേനയും മറ്റ് വകുപ്പുകൾ മുഖേനയും ആകെ 9971 വീടുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. ഇതിനുപുറമേ തൃതല പഞ്ചായത്തുകൾ മുഖേന 14000-ഓളം വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വകുപ്പ് മുഖേന നൽകിയ വീടുകളുടെ കണക്ക് അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ഡി) ഇല്ല.

(ഇ) ഉണ്ട്.

(എഫ്) പൂർത്തീകരിക്കപ്പെടാത്ത വീടുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

പ്രീമെട്രിക് ഹോസ്റ്റൽ വാർഡൻമാരുടെ എണ്ണവും പ്രമോഷൻ വ്യവസ്ഥയും

16(219) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ എത്ര പ്രീ-മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ടെന്നും അവയിൽ എത്ര വാർഡൻമാർ ഉണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇവരിൽ എത്ര റ്റി.ഡി. വാർഡൻമാർ നിലവിലുണ്ട് ;

(സി) പ്രീ-മെട്രിക് ഹോസ്റ്റലിലെ വാർഡൻമാരുടെ പ്രൊമോഷൻ ചാനൽ എപ്രകാരമൊണന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ വാർഡൻമാരുടെയും പ്രസ്തുത വകുപ്പിലെ എൽ.ഡി.ക്ലാർക്കുമാരുടേയും തസ്തികകൾ "ഇന്റർചേഞ്ചബിൾ" ആണോ വിശദമാക്കാമോ ;

(ഇ) വാർഡൻമാരായി നിരവധി വർഷങ്ങൾ കഴിഞ്ഞ ഇവർക്ക് പ്രസ്തുത മാറ്റം ഇതുവരേയും ലഭിക്കുകയുണ്ടായിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ജി) ഇപ്പോൾ വാർഡൻമാരായി ജോലി നോക്കുന്നതിൽ താൽപ്പര്യം ഉള്ളവർക്ക് എൽ.ഡി.ക്ലാർക്കുമാരായി കാറ്റഗറി മാറിപ്പോകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 104 പ്രീമെട്രിക് ഹോസ്റ്റലുകളിലായി 104 വാർഡൻമാർ ഉണ്ട്. അവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	—	2
കൊല്ലം	—	5
ആലപ്പുഴ	—	
കോട്ടയം	—	2

†അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly